# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2418** **05.02.2018-ൽ മറുപടിക്ക്**

തൊഴുക്കൽ സബ് സ്റ്റേഷൻ 110KV ആക്കി ഉയർത്താൻ നടപടി

| | ചോദ്യം<br>ശ്രീ.കെ. ആൻസലൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ തൊഴുക്കൽ സബ് സ്റ്റേഷൻ 110KV ആക്കി ഉയർത്തുന്നതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര സബ് സ്റ്റേഷൻ (തൊഴുക്കൽ) 110 കെ.വി. ആക്കി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സൈറ്റ് ലെവലിംഗ് വർക്ക് പുരോഗമിച്ചുവരുന്നു. കേബിൾ ട്രഞ്ച്, എർത്ത് മാറ്റ്, എക്യൂപ്മെൻറ് ഫൌണ്ടേഷൻ എന്നീ പ്രവർത്തികൾക്കുള്ള ടെൻണ്ടർ നടപടികൾ നടന്നുവരുന്നു. ഇതുമായി ബന്ധപ്പെട്ട് പാറശ്ശാല-നെയ്യാറ്റിൻകര 66 കെ.വി .ലൈൻ 110 കെ.വി.ലൈൻ ആക്കുന്ന പണിയും പുരോഗമിക്കുന്നുണ്ട്. |
| (ബി) | ഇതിന്റെ പണി ഏതുവർഷത്തിൽ പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ; | (ബി) | 2018 - ഒക്ടോബർ മാസം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഇതിന് ആകെ വരുന്ന പദ്ധതി ചെലവ് എത്ര കോടി ആണ്; | (സി) | 837.56 ലക്ഷം രൂപ. |
| (ഡി) | ഇതിന് കെ. എസ്. ഇ. ബി. ഫണ്ട് അനുവദിച്ചത് ഏതു വർഷത്തിൽ ആണ്; | (ഡി) | 2013-ൽ ആണ് ഫണ്ട് അനുവദിച്ചത്. |
| (ഇ) | ഇതിന്റെ പണി പൂർത്തീകരിക്കുമ്പോൾ ഏതെല്ലാം പ്രദേശത്ത് (നഗരസഭ-പഞ്ചായത്ത്) ഈ പദ്ധതിയുടെ ഗുണം ലഭിക്കുമെന്ന് വിശദമാക്കാമോ? | (ഇ) | നെയ്യാറ്റിൻകര നഗരസഭ, ഗ്രാമപഞ്ചായത്തുകളായ ബാലരാമപുരം, കാഞ്ഞിരംകുളം, തിരുപുറം, പൂവ്വാർ എന്നീ പ്രദേശങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം കിട്ടുന്നത് |

സെക്ഷൻ ഓഫീസർ